"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശുവികസന വകുപ്പ് - സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത്-നിലവിലുള്ള ഉത്തരവുകളും ഭേദഗതികളും താൽക്കാലികമായി മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാ ശിശുവികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.326/2026/WCDD തീയതി,തിരുവനന്തപുരം, 07-09-2026

---

പരാമർശം:-
1. സ.ഉ.(എം.എസ്) നം. 58/2008/സാക്ഷേവ, തീയതി 22/10/2008.
2. സ.ഉ.(എം.എസ്) നം. 05/2012/സാക്ഷേവ, തീയതി 30/01/2012.
3. സ.ഉ.(എം.എസ്) നം. 74/2012/സാനീവ, തീയതി 22/12/2012.
4. സ.ഉ.(എം.എസ്) നം. 46/2013/സാനീവ, തീയതി 07/06/2013.

**ഉത്തരവ്**

സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന ഒന്നിലധികം സർക്കാർ ഉത്തരവുകൾ ഇപ്പോൾ നിലവിലുണ്ട്. വനിതാ ശിശുവികസന വകുപ്പ് രൂപീകരിക്കപ്പെടുന്നതിന് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത ഉത്തരവുകളിൽ നിരവധി ഭേദഗതികളും കൂട്ടിച്ചേർക്കലുകളും ഉണ്ടായതിനെ തുടർന്ന് അവയിൽ പലതിലും ചില അവ്യക്തതകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനായി അങ്കണവാടി ജീവനക്കാരുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കേണ്ട സാഹചര്യത്തിൽ സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളും ഭേദഗതികളും താൽക്കാലികമായി മരവിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഉത്തരവ് തീയതി മുതൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും മുഴുവൻ തെരഞ്ഞെടുപ്പ് പ്രക്രിയയും നിർത്തിവയ്ക്കേണ്ടതും, പുതുക്കിയ ഉത്തരവും മാർഗ്ഗനിർദ്ദേശങ്ങളും വരുന്നതുവരെ ALMC ചേർന്ന് യോഗ്യരായവരെ താൽക്കാലിക

അടിസ്ഥാനത്തിൽ നിയമിക്കേണ്ടതുമാണ്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ റിപ്പോർട്ട് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ഉടൻ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്, തിരുവനന്തപുരം.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ (വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

പകർപ്പ്- ബഹു. വനിതാ ശിശുവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ഉത്തരവിൻ പ്രകാരം
Digitally signed by
Aravind R S
Date: 08-09-2026
11:20:45
സെക്ഷൻ ഓഫീസർ